# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1324

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.വി.റ്റി. ബൽറാം<br>,, കെ. മുരളീധരൻ<br>,, പി.എ. മാധവൻ<br>,, സണ്ണി ജോസഫ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ഭൗതിക സാമ്പത്തിക നേട്ടങ്ങളാണ് ഇക്കാലയളവിൽ കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലെ സ്ത്രീ തൊഴിലാളികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | 2011-12 സാമ്പത്തിക വർഷം 90 ദിവസം പണിയെടുത്ത 1,04,549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 1,000/- രൂപാ വീതം ധനസഹായം നൽകുന്നതിന് 10.46 കോടി രൂപ 14 ജില്ലകളിലെ 104549 സ്ത്രീ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 100 ദിവസം ജോലിചെയ്ത എല്ലാ സ്ത്രീതൊഴിലാളികൾക്കും ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത ഓണക്കോടി വിതരണം ചെയ്യുന്നതിനായി 13,61,24800/- രൂപ അനുവദിച്ചു. പ്രസ്തുത തുക ഇക്കഴിഞ്ഞ ഓണക്കാലത്ത് വിതരണം ചെയ്യുകയുണ്ടായി. |
| (ഡി) | കഴിഞ്ഞ സർക്കാരിനെ അപേക്ഷിച്ച് ഇക്കാലയളവിൽ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

ഈ സർക്കാർ അധികാരമേറ്റ ശേഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. തൊഴിലുറപ്പ് പദ്ധതിയിൽ ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിന് സഹായകമായ സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സാധന-സാമഗ്രികൾ ഉപയോഗിച്ചുള്ള ആസ്തികൾ സൃഷ്ടിച്ചു വരികയും ചെയ്യുന്നു.
2. പദ്ധതിയിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും 5 കേന്ദ്രങ്ങൾ പൂർത്തീകരിക്കുകയും 69 കേന്ദ്രങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
3. കൂലിവിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് **ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം** നടപ്പാക്കി. ഇതുവഴി തൊഴിലാളികളുടെ വേതനം സംസ്ഥാനത്തെ നോഡൽ ബാങ്കിൽ നിന്നും തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്ത് വരുന്നു.
4. ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിലും അത് ചെക്ക് മെഷർ ചെയ്യുന്നതിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് വാല്യൂവേഷൻ ബേയ്സ്ഡ് പേയ്മെന്റ് സമ്പ്രദായം നടപ്പിൽ വരുത്തി.
5. തൊഴിൽ ആവശ്യപ്പെട്ട കുടുംബത്തിന് പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയില്ലായെങ്കിൽ പ്രസ്തുത കുടുംബത്തിന് 16-ാം ദിവസം മുതൽ തൊഴിലില്ലായ്മാ വേതനത്തിന് അർഹതയുണ്ടായിരിക്കുമെന്ന് നിയമം അനുശാസിക്കുന്നു. തൊഴിലില്ലായ്മാ വേതനം നൽകുന്നതിനുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി വരുന്നു.
6. പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സർക്കാരിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് മുൻ എം.എൽ.എ ശ്രീ. എം. മുരളിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. കമ്മിറ്റി എല്ലാ ജില്ലകളിലും പര്യടനം നടത്തുകയും വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ശേഖരിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ആ റിപ്പോർട്ടിന് മേൽ അനന്തര നടപടികൾ സ്വീകരിച്ചു വരികയുമാണ്.
7. തൊഴിലുറപ്പ് പദ്ധതി സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള സാമൂഹ്യ-സാമ്പത്തിക ഫലങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഗവേഷണ കേന്ദ്രങ്ങളെ ചുമതലപ്പെടുത്തി.
8. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ജനപ്രതിനിധികളിൽ എത്തിക്കുന്നതിന് സംസ്ഥാനതലത്തിൽ പരിശീലന റിസോഴ്സ് ടീം രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പരിശീലനങ്ങൾ നടന്നു വരുകയും ചെയ്യുന്നു.

9. സങ്കടപരിഹാര സംവിധാനം കാര്യക്ഷമമാക്കുന്നതിന് 14 ജില്ലകളിലും ഓംബുഡ്സ്മാൻമാരെ നിയമിച്ചു. വയനാട്,പാലക്കാട്, ഇടുക്കി ജില്ലകളിൽ രണ്ട് ഓംബുഡ്സ്മാൻമാരെ വീതം നിയമിച്ചിട്ടുണ്ട്.
10. പദ്ധതി പ്രവർത്തനങ്ങളുടെ ഗുണമേന്മ പരിശോധിച്ച് സംസ്ഥാന മിഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചു.
11. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മറ്റ് വികസന വകുപ്പുകളുമായി ഉദ്ഗ്രഥനം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സംസ്ഥാനത്തെ വികസന വകുപ്പ് അദ്ധ്യക്ഷൻമാരുടെ രണ്ട് റൗണ്ട് യോഗം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.
12. നിയമത്തിൽ അനുശാസിക്കുന്ന സംസ്ഥാന തൊഴിലുറപ്പ് നിധി രൂപീകരിക്കുകയും 2012-13 സാമ്പത്തിക വർഷം മുതൽ കേന്ദ്ര-സംസ്ഥാന വിഹിതം പ്രസ്തുത നിധിയിൽ നിക്ഷേപിച്ച് വിനിയോഗിക്കുന്ന രീതി അവലംബിച്ചു.
13. തൊഴിലാളികളുടെ തൊഴിൽ സമയം രാവിലെ 8 മണി മുതൽ 5 മണി വരെ എന്നുള്ളത് രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ ഒരു മണിക്കൂർ വിശ്രമം ഉൾപ്പെടെ 8 മണിക്കൂറായി ക്രമീകരിച്ചു.
14. പദ്ധതിയിൽ 2011-12 സാമ്പത്തികവർഷം 60 ലക്ഷംരൂപ ചെലവ് രേഖപ്പെടുത്തിയ പഞ്ചായത്തുകളിൽ അധികമായി ഒരു എഞ്ചിനീയർ/ ഓവർസീയറെയും ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചു.
15. പദ്ധതിയിൽ 2012-13 സാമ്പത്തികവർഷം 2 കോടി രൂപ ചെലവ് രേഖപ്പെടുത്തിയ പഞ്ചായത്തുകളിൽ മൂന്നാമത് ഒരു എഞ്ചിനീയർ/ ഓവർസീയറെയും ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.
16. 2012-13 സാമ്പത്തിക വർഷം ഭരണചെലവ് ഇനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ചെലവ് ആകെ ചെലവിന്റെ നാല്ശതമാനത്തിൽ അധികരിക്കാത്ത ബ്ലോക്കുകളിൽ രണ്ടാമത്തെ അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.
17. 2011-12 സാമ്പത്തിക വർഷം 90 ദിവസം പണിയെടുത്ത 1,04,549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 1,000/- രൂപാ വീതം ധനസഹായം നല്കി.
18. 2012-13 സാമ്പത്തിക വർഷം 100 ദിവസം ജോലിചെയ്ത എല്ലാ സ്ത്രീതൊഴിലാളികൾക്കും ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത ഓണക്കോടി വിതരണം ചെയ്യുകയുണ്ടായി.
19. പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാനത്തിൽ ആദ്യമായി കാര്യക്ഷമത കൈവരിക്കാൻ കഴിയുകയും അതിന്റെ ഫലമായി കേന്ദ്രസർക്കാർ തന്നെ സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് 2011-12 ലും 2012-13 ലും പുതുക്കി അനുവദിക്കുകയുണ്ടായി. കൂടാതെ വേതന വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി eFMS സമ്പ്രദായം നടപ്പിലാക്കി.

<u>അനുബന്ധം 2</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൈവരിച്ച ഭൗതിക സാമ്പത്തിക നേട്ടങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

| ക്രമനം | ഘടകം | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|
| 1 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ (ക്യുമിലേറ്റീവ്) (ലക്ഷത്തിൽ) | 18.73 | 25.15 | 26.43 |
| 2 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ (ലക്ഷത്തിൽ) | 14.16 | 16.93 | 1523812 |
| 3 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | 633.10 | 837.72 | 865.94 |
| 4 | തൊഴിൽ ആവശ്യപ്പെട്ട കുടുംബത്തിന് ശരാശരി ലഭിച്ച തൊഴിൽ ദിനങ്ങൾ | 45 | 49 | 57 |
| 5 | 100 ദിവസം പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | 1.24 | 3.40 | 4.06 |
| 6 | ആകെചെലവ് ( രൂപ ലക്ഷത്തിൽ) | 104807.84 | 141637.10 | 170738.02 |

അനുബന്ധം 3

ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പുള്ള വർഷം (2010-11), അധികാരത്തിൽ വന്നതിന് ശേഷമുള്ള 3-ാം വർഷം (2013-14) എന്നീ വർഷങ്ങളിലെ നേട്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനങ്ങൾ | 2010-11 | 2013-14 |
|---|---|---|
| 1. തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1184856 | 1523812 |
| 2. സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | 492.73 ലക്ഷം | 865.94 ലക്ഷം |
| 3. ശരാശരി തൊഴിൽ ദിനങ്ങൾ | 42 | 57 |
| 4. 100 ദിവസം പൂർത്തീകരിച്ച കുടുംബങ്ങൾ | 72341 | 406423 |
| 5. പദ്ധതി ചെലവ് (ലക്ഷത്തിൽ) | 70162.19 | 170738.02 |